(ബി) ശബരിമലയിലേക്കുള്ള റോഡിൽ ഏതെങ്കിലും ഭാഗത്ത് വാഹനങ്ങൾ മഞ്ഞ ലൈറ്റ് ഉപയോഗിക്കരുത് എന്ന നിർദ്ദേശമോ ഉത്തരവോ ബന്ധപ്പെട്ട അധികാരികൾ നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; എങ്കിൽ ഇങ്ങനെയൊരു നിർദ്ദേശം നൽകാനിടയായ സാഹചര്യം വ്യക്തമാക്കാമോ;

(സി) കൊടുംവളവുകളും അഗാധ ഗർത്തങ്ങളും ഏറെ മഞ്ഞുവീഴ്ചയുമുണ്ടാകുന്ന ശബരിമല തീർത്ഥാടനപാതയിൽ ഇത്തരത്തിലുള്ള നിരോധനങ്ങൾ ഉണ്ടെങ്കിൽ അവ പിൻവലിച്ച് ഉത്തരവിറക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) & (ബി) മോട്ടോർ വാഹന ചട്ടപ്രകാരം വാഹനങ്ങളിൽ മഞ്ഞ ലൈറ്റ് ഉപയോഗിക്കുന്നത് നിയമവിരുദ്ധമാണ്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി.യിലെ നിയമവിരുദ്ധ നിയമനങ്ങൾ

95 [559] *ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:*

ശ്രീ. എ. സി. മൊയ്തീൻ:

,, എം. പ്രകാശൻ മാസ്റ്റർ:

,, മത്തായി ചാക്കോ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി. മുഖേന അല്ലാതെ നിയമവിരുദ്ധമായി നിയമനങ്ങൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിലുള്ള കണ്ടക്ടർ തസ്തികയിലെ ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതു സംബന്ധിച്ച് കേരള ഹൈക്കോടതി കെ.എസ്.ആർ.ടി.സി.ക്ക് നൽകിയ നിർദ്ദേശം എന്തായിരുന്നു; വിശദമാക്കുമോ; പ്രസ്തുത നിർദ്ദേശം മറികടക്കാൻ കെ.എസ്.ആർ.ടി.സി. മാനേജ്മെന്റ് ശ്രമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ടക്ടർ ഇല്ലാത്തതിന്റെ പേരിൽ കെ.എസ്.ആർ.ടി.സി. പ്രതിദിനം സർവ്വീസുകൾ റദ്ദുചെയ്യുകയും അതേസമയം കണ്ടക്ടർമാരുടെ ഒഴിവുകളില്ലെന്ന് കേരള ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെ.എസ്.ആർ.ടി.സി.യിൽ നിലവിൽ എംപാനൽ കണ്ടക്ടർമാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്രപേരെ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.യിൽ സ്ഥിരം ജീവനക്കാരുടെ ലീവ് വേക്കൻസികളിലും മറ്റ് അടിയന്തിര ഘട്ടങ്ങളിലും നിയോഗിക്കുന്നതിന് എംപാനൽ ജീവനക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

നിയോഗിച്ചിട്ടുണ്ട്. എന്നാൽ ഇത് നിയമവിരുദ്ധമായിട്ടല്ല. ബഹുമാനപ്പെട്ട കോടതി വിധികളുടെ അടിസ്ഥാനത്തിലാണ്, താൽക്കാലിക ജീവനക്കാരെ നിയോഗിക്കുന്നത്.

(ബി) ഇത് സംബന്ധിച്ച കോടതിനിർദ്ദേശങ്ങൾ ഇപ്രകാരമായിരുന്നു:

1. കെ.എസ്.ആർ.ടി.സി. കണ്ടക്ടർമാരുടെ സ്ഥിരം ഒഴിവിലേക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ലിസ്റ്റിൽനിന്നും നിയമനം നടത്തണം. അവരെ റിസർവ്വ് കണ്ടക്ടർ തസ്തികയിൽ നിയമിച്ച് നിശ്ചിത ഡ്യൂട്ടി തികയുന്ന മുറയ്ക്ക് സെക്കൻഡ് ഗ്രേഡ് കണ്ടക്ടർമാരുടെ ശമ്പള സ്കെയിലിലേക്ക് മാറ്റേണ്ടതുമാണ്.

2. കെ.പി.എസ്.സി. നൽകുന്ന അൺ അഡ്വൈസ്ഡ് ലിസ്റ്റിൽനിന്നു മാത്രമേ താൽക്കാലിക കണ്ടക്ടർമാരെ നിയമിക്കാവൂ. വേണ്ടത്ര ജീവനക്കാരെ കിട്ടാത്ത അവസ്ഥയിൽ മറ്റ് മാർഗ്ഗങ്ങൾ അവലംബിക്കാവുന്നതാണ്.

3. ഓരോ രണ്ടു മാസം കൂടുമ്പോഴും സ്ഥിരം തസ്തികകൾ കണക്കാക്കി കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

എന്നാൽ ഭാരിച്ച സാമ്പത്തികബാദ്ധ്യതയുണ്ടാകുമെന്നതിനാൽ ഒന്നാമത്തെ നിർദ്ദേശത്തിലെ സ്ഥിരപ്പെടുത്തൽ സംബന്ധിച്ച ഉത്തരവിനെതിരെ അപ്പീൽ പോവുകയും ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ച് അപ്പീൽ അനുവദിക്കുകയും ചെയ്തു. എന്നിരുന്നാലും 4-10-2004 വരെ നിയമിച്ചവരെയെല്ലാം റിസർവ് കണ്ടക്ടർമാരാക്കിയിട്ടുണ്ട്.

കോടതി ഉത്തരവുകൾ മറികടക്കാൻ കെ.എസ്.ആർ.ടി.സി. ശ്രമിച്ചിട്ടില്ല.

(സി) സ്ഥിരം കണ്ടക്ടർമാരുടെ അവധിമൂലവും ചില അടിയന്തിര ഘട്ടങ്ങളിലും നിയോഗിക്കാൻ കരുതിയിട്ടുള്ള താൽക്കാലിക ജീവനക്കാരുടെ അഭാവം മൂലമാണ് ചിലപ്പോൾ സർവ്വീസ് ക്യാൻസലേഷനുണ്ടാകുന്നത്. പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി 31-12-2004-ൽ അവസാനിച്ചിരുന്നു. 31-12-2004 വരെയുള്ള എല്ലാ സ്ഥിരം ഒഴിവുകളും കെ.പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. പി.എസ്.സി. അൺ അഡ്വൈസ്ഡ് ലിസ്റ്റിൽനിന്നും 1796 പേരും മറ്റുള്ളവർ 2295 പേരും ഉൾപ്പെടെ ആകെ 4091 പേരെ എംപാനൽ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവരിൽനിന്നും ആവശ്യമുള്ളത്ര കണ്ടക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly